(സി) മൂന്ന് വർഷം കഴിഞ്ഞ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ നിർദ്ദേശ പ്രകാരം നീട്ടിയിട്ടുണ്ട്; എത്ര പ്രാവശ്യം നീട്ടി; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ കാലാവധി നീട്ടുന്നതിന് മുമ്പ് എത്ര നിയമനങ്ങൾ നടന്നു; കാലാവധി നീട്ടിയതിനു ശേഷം എത്ര നിയമനങ്ങൾ നടന്നു; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11 തവണ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 31-3-2013-ലെ കണക്ക് പ്രകാരം 815-ഉം 29-6-2014-ലെ കണക്ക് പ്രകാരം 1170-ഉം 30-9-2015-ലെ കണക്കു പ്രകാരം 815-ഉം ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കാലാവധി നീട്ടിയശേഷം ടി ലിസ്റ്റുകളിൽനിന്നും നടന്ന നിയമനങ്ങളുടെ റാങ്ക് ലിസ്റ്റ് തിരിച്ചുള്ള എണ്ണം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷൻ

42 (1778) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ അനാവശ്യമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റെഗുലറൈസേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 30-1-2016 വരെയുള്ള കാലയളവിൽ എത്ര പേരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് റെഗുലറൈസേഷൻ നടത്തുന്നതിന് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, നെറ്റ്/പി.എച്ച്.ഡി. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ അനുകൂലമായി ലഭിക്കേണ്ടതുണ്ട്. 14-12-2010-ന ശേഷം സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകരുടെ പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. അദ്ധ്യാപകരുടെ നിയമന പരിശോധനയ്ക്കാവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്കാണ് പി.എസ്.സി. പരിശോധന പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ കൈമാറുന്നത്. അദ്ധ്യാപകർ യഥാസമയം ആവശ്യമായ രേഖകൾ സമർപ്പിക്കാതെ വരികയോ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതെ വരികയോ ചെയ്യുന്നതുമൂലം റെഗുലറൈസേഷൻ നടപടികൾ വൈകാറുണ്ട്.

(സി) 30-1-2016 വരെ 330 അദ്ധ്യാപക ജീവനക്കാരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ പി.എസ്.സി. യിൽനിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(ഡി) ഈ തസ്തികയുടെ നിയമന പരിശോധന 18-2-2016 വരെ നടത്തുവാൻ പി.എസ്.സി. നിശ്ചയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 60 ജീവനക്കാരുടെ വെരിഫിക്കേഷൻ 2016 മാർച്ച് മാസത്തിൽ പി.എസ്.സി. നടത്തുന്നതാണ്. പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ച അദ്ധ്യാപകരുടെ റെഗുലറൈസേഷൻ പൂർത്തീകരിക്കുന്നതിന് അദ്ധ്യാപകരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും നെറ്റ്/പി.എച്ച്.ഡി. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ റിപ്പോർട്ടും അനുകൂലമായി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ അനുകൂലമായി ലഭിച്ച അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നില്ല.

ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

43 (1779) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആലപ്പുഴ ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന വിവരം ലഭ്യമാക്കുമോ;